"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ശ്രീ.രാജു കെ.എം. ബഹു. കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത 10476/2025 നമ്പർ റിട്ട് ഹർജിയിന്മേലുള്ള 01-04-2025 തീയതിയിലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇ എം) വകുപ്പ്**

സ.ഉ.(സാധാ) നം.1380/2025/LSGD തീയതി,തിരുവനന്തപുരം, 03-06-2025

---

പരാമർശം:-

1. ശ്രീ.കെ.എം.രാജു, മുനിസിപ്പൽ കൗൺസിലർ, വാർഡ് 18, ഹരിപ്പാട് നഗരസഭ സർക്കാരിൽ സമർപ്പിച്ച തീയതി വയ്ക്കാത്ത അപേക്ഷ.
2. ശ്രീ. രാജു.കെ.എം. ബഹു. കേരള ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത ഡബ്ല്യൂ.പി.(സി) നം. 10476/2025 ന്മേലുള്ള 01/04/2025 തീയതിയിലെ വിധിന്യായം.
3. ഹരിപ്പാട് നഗരസഭാ സെക്രട്ടറിയുടെ 09/05/2025-ലെ 1488795-2025 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ഹരിപ്പാട് മുനിസിപ്പാലിറ്റി ഭരണസമിതി 15-02-2025-ന് ഒൻപത് അജണ്ടകൾ ഉൾപ്പെടുത്തി ഒരു അടിയന്തിര യോഗം വിളിക്കാനുണ്ടായ സാഹചര്യം സെക്രട്ടറിയിൽ നിന്നും റിപ്പോർട്ട് തേടി നടപടി സ്വീകരിക്കണമെന്നും ആവശ്യമായ നിയമനടപടി കൈക്കൊള്ളുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നുമാവശ്യപ്പെട്ട് ശ്രീ.കെ.എം.രാജു പരാമർശം (1) പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിക്കുകയുണ്ടായി.

2) ഹരിപ്പാട് നഗരസഭ 18-ാം വാർഡ് കൗൺസിലറായ ശ്രീ.രാജു കെ.എം. ബഹു. കേരള ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത ഡബ്ല്യൂ.പി.(സി) 10476/2025 നമ്പർ കേസ്സിന്മേലുള്ള പരാമർശം (2) വിധിന്യായത്തിൽ പരാതികക്ഷി, സർക്കാരിൽ സമർപ്പിച്ച പരാമർശം (1) Exhibit-P3 അപേക്ഷ 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 57-ന്റെ അടിസ്ഥാനത്തിൽ പരിഗണിച്ച് നഗരസഭാധികൃതരെ നേരിൽ കേട്ട് കോടതിവിധിയുടെ പകർപ്പ് ലഭിച്ച് ഒരുമാസത്തിനകം ഉചിതമായ തീരുമാനം കൈക്കൊള്ളുവാൻ 2-ാം എതിർകക്ഷിയായ സർക്കാരിനോട് ബഹു. ഹൈക്കോടതി നിർദ്ദേശിച്ചു. പ്രസ്തുത വിധിന്യായം സി.സി.ഐ.എസ്. പോർട്ടൽ മുഖാന്തിരം 05/05/2025-ൽ സർക്കാരിൽ ലഭ്യമാകുകയുണ്ടായി.

3) ഹരിപ്പാട് നഗരസഭ കൗൺസിലിന്റെ 15/02/2025-ലെ കൗൺസിൽ യോഗത്തിന്റെ അജണ്ട നം. 3-ലെ 15-ാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം തദ്ദേശ സ്ഥാപനങ്ങൾക്ക് ഹെൽത്ത് ഗ്രാന്റ് സ്കീം-9-ൽ ലഭിച്ച തുക 21,50,000/- രൂപ ഉൾപ്പെടെ സ്കീം 6-ലെ 5,27,000/- രൂപ Urban Health Wellness Centre-കളുടെ പ്രവർത്തന ചെലവുകൾക്കുള്ള ഫണ്ടുകൾക്കും അതുമായി ബന്ധപ്പെട്ട് വരുന്ന ചെലവുകളുടെ അംഗീകാരത്തിനും ആയി DPC-യിൽ സമർപ്പിച്ച് മുൻകൂർ അനുമതി നൽകിയ ഹരിപ്പാട് നഗരസഭാ ചെയർപേഴ്സന്റെ നടപടി സാധൂകരണത്തിനായി ഉൾപ്പെടുത്തിയത്

മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായിട്ടാണ് എന്ന് ഹരിപ്പാട് നഗരസഭ സെക്രട്ടറി ഹിയറിംഗ് വേളയിൽ സമർപ്പിച്ച പരാമർശം (3) റിപ്പോർട്ട് പരിശോധിച്ചതിൽ നിന്ന് വ്യക്തമാകുന്നു. ദിവസവേതന അടിസ്ഥാനത്തിൽ എംപ്ലോയ്മെന്റ് മുഖേന നിയമനം ലഭിച്ച ശുചീകരണ വിഭാഗം തൊഴിലാളികൾക്ക് സ്ഥിരനിയമനം നൽകുന്ന വിഷയം ഹരിപ്പാട് നഗരസഭയുടെ 15/02/2025-ലെ നഗരസഭാ കൗൺസിൽ യോഗത്തിന്റെ അജണ്ട നം.8-ൽ ഉൾപ്പെടുത്തിയിരുന്നുവെങ്കിലും തീരുമാനമെടുക്കാതെ അടുത്ത കൗൺസിൽ യോഗത്തിൽ പരിഗണിക്കുന്നതിനായി മാറ്റിവച്ചതായി ഹരിപ്പാട് നഗരസഭാ സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി അജണ്ടകൾ ഉൾപ്പെടെ 15-02-2025-ലെ കൗൺസിൽ യോഗത്തിൽ ഉൾപ്പെടുത്തിയ എല്ലാ അജണ്ടകളും അടിയന്തര പ്രാധാന്യത്തോടെ പരിഗണിച്ചതിനുള്ള കാരണങ്ങൾ പരാമർശം (3) പ്രകാരം വിശദമായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4) ഹരിപ്പാട് നഗരസഭ സെക്രട്ടറിയെ നേരിൽ കേട്ടതിന്റെയും, പരാമർശം (3) പ്രകാരം ടിയാൻ സമർപ്പിച്ച റിപ്പോർട്ടിന്റെയും, ലഭ്യമാക്കിയിട്ടുള്ള രേഖകളുടെയും അടിസ്ഥാനത്തിൽ മേൽ വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. ഹരിപ്പാട് നഗരസഭാ കൗൺസിലിന്റെ 15-02-2025-ലെ അടിയന്തര യോഗത്തിലെടുത്ത തീരുമാനങ്ങൾ 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 57 പ്രകാരം ഭേദഗതി വരുത്തുകയോ റദ്ദുചെയ്യുകയോ ചെയ്യേണ്ട സാഹചര്യം നിലവിലില്ല എന്ന് പരാമർശം (3)-ൽ നിന്നും വ്യക്തമാകുന്നു. എന്നിരുന്നാലും, ഭാവിയിൽ ഇത്തരം വിഷയങ്ങൾ ചർച്ചയ്ക്ക് വരുമ്പോൾ നഗരസഭാ കൗൺസിലിന് വിശദീകരിക്കാനും തീരുമാനമെടുക്കാനും കഴിയുന്ന തരത്തിൽ സമയബന്ധിതമായി കൗൺസിലിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ നഗരസഭാ സെക്രട്ടറി സ്വീകരിക്കേണ്ടതാണ് എന്ന് നിർദ്ദേശിക്കുന്നു.

5) ഡബ്ല്യൂ.പി.(സി) 10476/2025 ഹർജിയിന്മേലുള്ള ബഹു. കേരള ഹൈക്കോടതിയുടെ പരാമർശം (2) വിധിന്യായം ഇപ്രകാരം നടപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, എൽ.എസ്.ജി.ഡി., തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം. (ആമുഖ കത്ത് സഹിതം)
സെക്രട്ടറി, ഹരിപ്പാട് മുനിസിപ്പാലിറ്റി.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ഡബ്ല്യൂ.പി.(സി) 10476/2025 നമ്പർ കേസിലെ കക്ഷിക്ക്. (ഹരിപ്പാട് നഗരസഭാ സെക്രട്ടറി മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
വെബ് & ന്യൂ മീഡിയ, വിവരപൊതുജന സമ്പർക്ക വകുപ്പ്.
സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Signed by
Ajith Kumar K A
Date: 04-06-2025 12:21:21

പകർപ്പ് :- സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്.